# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 5439**

## വ്യവസായ രംഗത്ത് പ്രവാസി നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപടികൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) വ്യവസായ രംഗത്ത് പ്രവാസി നിക്ഷേപകരെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(എ) വ്യവസായ രംഗത്ത് പ്രവാസി നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും, സംസ്ഥാനത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും വേണ്ടി കേരള സർക്കാർ 2012 ൽ എമർജിംഗ് കേരള സംഗമം സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. ഈ സംഗമത്തിന് മുന്നോടിയായി കേരളത്തിനകത്തും പുറത്തും ബിസിനസ്സ് മീറ്റുകളും, റോഡ് ഷോകളും സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശിയ തലത്തിൽ നിക്ഷേപകരുടെ ശ്രദ്ധ ആകർഷിക്കുന്നതിനു വേണ്ടി ചൈന, ഖത്തർ, മലേഷ്യ എന്നീ വിദേശ രാജ്യങ്ങളിലും, ഇന്ത്യക്കകത്ത് ചെന്നൈ, മുംബൈ, ബാംഗ്ലൂർ എന്നീ നഗരങ്ങളിലും ബിസിനസ്സ് മീറ്റുകൾ നടത്തുകയുണ്ടായി. പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സഹായകരമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി, നോർക്ക 'ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി engaging diaspora for investment in the state എന്ന പദ്ധതിയ്ക്കും നോർക്ക വകുപ്പ് രൂപം നൽകി വരികയാണ്.

| | | |
|---|---|---|
| **(ബി)** | പ്രവാസി വ്യവസായികൾക്കു നൽകുന്ന അനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | പ്രവാസി വ്യവസായികൾക്ക് പ്രത്യേകമായി ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന പൊതുവായ ആനുകൂല്യങ്ങൾക്ക് ഈ വിഭാഗവും അർഹരാണ്. കൂടാതെ പ്രവാസി വ്യവസായികൾക്ക് വ്യവസായം തുടങ്ങാൻ വിവിധ വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നുണ്ട്. ഇതിനു പുറമെ വ്യവസായം തുടങ്ങാനുള്ള ധനവായ്പയും, പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും, കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ